പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1231 **15-10-2026-ൽ മറുപടിയ്ക്ക്**

മുകുളം പോർട്ടൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്ചുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കായി എ.ഐ. അധിഷ്ഠിത പരിശീലനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക ഏജൻസിയായ കൈറ്റ് തയ്യാറാക്കിയ മുകുളം പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. സംസ്ഥാന സർക്കാരിന്റെ നൂറ ദിന കർമ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവേശന പരീക്ഷാ പരിശീലനത്തിൽ പൊതുവിദ്യാലയങ്ങളിലെ ഹയർ സെക്കൻറിറി/വൊക്കേഷണൽ ഹയർ സെക്കൻറിറി വിദ്യാർത്ഥികൾക്ക് അവസര സമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൈറ്റ് മുകുളം പദ്ധതി ആരംഭിച്ചത്. ക്ലാസ് റൂം പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപകരേയും സ്വയംപഠനത്തിനും വിലയിരുത്തലിനും മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനും കുട്ടികളേയും സഹായിക്കുന്ന പ്രത്യേക റിസോഴ്സുകൾ ഉൾപ്പെടുത്തിയ എ.ഐ. പഠന പ്ലാറ്റ് ഫോമാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുള്ളത് .

(ബി) നീറ്റ്, ജെ.ഇ.ഇ., സി.യു.ഇ.ടി. തുടങ്ങിയ പ്രവേശന പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് ഈ പോർട്ടൽ മുഖേന സൗജന്യമായി പരിശീലനം നേടാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ;

മറുപടി: NEET, JEE, KEAM, CUET തുടങ്ങിയ എൻട്രൻസ് പരീക്ഷകൾക്കായി വിദ്യാർഥികൾക്ക് https://entrance.kite.kerala.gov.in, https://mukulam.kite.kerala.gov.in എന്ന പോർട്ടൽ മുഖേന സൗജന്യമായി പരിശീലനം നേടാൻ കഴിയും. സംസ്ഥാന സിലബസ് പിന്തുടരുന്ന പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും വിദ്യാർത്ഥികൾക്ക് പോർട്ടലിൽ ലോഗിൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഹയർ സെക്കൻറിറി/വൊക്കേഷണൽ ഹയർ സെക്കൻറിറി സ്കൂൾ പ്രിൻസിപ്പൽമാർക്കും ഓരോ സ്കൂളിലേയും നോഡൽ ടീച്ചേഴ്സിനുമുള്ള പ്രത്യേക പരിശീലനവും കൈറ്റ് നൽകിയിട്ടുണ്ട്.

(സി) സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലെ പത്തോളം വിഷയങ്ങൾക്കുള്ള ഡിജിറ്റൽ പഠനസാമഗ്രികൾ വെബ്സൈറ്റിൽ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> ഉണ്ട്. ആദ്യഘട്ടമായി ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, സുവോളജി, ബോട്ടണി, പൊളിറ്റിക്കൽ സയൻസ്, എക്കണോമിക്സ്, ബിസിനസ്സ്റ്റഡീസ്, അക്കൗണ്ടൻസി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ ഡിജിറ്റൽ പഠനസാമഗ്രികൾ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവ വിദ്യാർത്ഥികൾക്ക് സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതാണ്. ഹിസ്റ്ററി, ജിയോഗ്രഫി സോഷ്യോളജി തുടങ്ങിയ വിഷയങ്ങളുടെ ഉള്ളടക്ക നിർമാണം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ